# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - *80

14.01.2021-ൽ മറുപടിയ്ക്ക്

## ക്ഷീരമേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ യു. ആർ. പ്രദീപ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കെ. ബാബു | ശ്രീ. കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് ക്ഷീരമേഖലയിൽ കൈവരിക്കാനായ മികവ് സുസ്ഥിരമാക്കുന്നതിനും വിപണന രംഗത്ത് സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വിപണി വ്യാപനത്തിനും വൈവിധ്യവൽക്കരണത്തിനും സഹായം നൽകി വരുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ രംഗത്ത് യന്ത്രവൽക്കരണത്തിനും തീറ്റപ്പുൽ കൃഷിയുടെ വ്യാപനത്തിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) ഈ സർക്കാരിന്റെ കാലയളവിൽ 254 ഹെക്ടർ സ്ഥലത്ത് സർക്കാർ ധനസഹായത്തോടു കൂടി തീറ്റപ്പുൽ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ക്ഷീര മേഖലയിലെ യന്ത്രവൽക്കരണത്തിനായി വകുപ്പ് ധനസഹായം നൽകി വരുന്നുണ്ട്. കറവ യന്ത്രം, ചാഫ് കട്ടർ, മറ്റ് യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ക്ഷീരകർഷകർക്ക് സബ്സിഡി നൽകിവരുന്നു. കൂടാതെ നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ ഭാഗമായിട്ടുള്ള ഫോഡർ കൾട്ടിവേഷൻ പദ്ധതിയ്ക്കായി 123.9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുറഞ്ഞത് ഒരു ഹെക്ടർ എങ്കിലും ഭൂമിയുള്ള സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് പുൽകൃഷി തുടങ്ങുക എന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |

(സി) മൃഗചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും കർഷകർക്ക് താങ്ങാവുന്ന ചെലവിൽ രാത്രികാലത്തുൾപ്പെടെ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനും സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി) ഉണ്ട്. 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളെ കൂടാതെ 26 മൃഗാശുപത്രികളിൽ രാവിലെ എട്ട് മുതൽ രാത്രി എട്ട് വരെ ചികിത്സാ സേവനം ലഭ്യമാക്കുന്നുണ്ട്. ഇവിടെ രാത്രികാല അടിയന്തിര ചികിത്സാ സൗകര്യവും ലഭ്യമാക്കി 24 മണിക്കൂർ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ ആധുനിക സൗകര്യങ്ങളോടെ ഒരു മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രിയും പ്രവർത്തിച്ചു വരുന്നു. മൃഗാശുപത്രികളുടെ പ്രവർത്തനം കഴിഞ്ഞ ശേഷം, രാത്രികാലങ്ങളിൽ കർഷകർക്ക് ആവശ്യമായ അടിയന്തിര മൃഗചികിത്സാ സേവനങ്ങൾ വീട്ടുപടിക്കൽ നൽകുന്ന രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി 152 ബ്ലോക്കുകളിലെ മൃഗാശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ക്ഷീരകർഷകരുടെ ഉരുക്കൾക്ക് അടിയന്തിര ഘട്ടങ്ങളിൽ ചികിത്സ ലഭ്യമാക്കുന്നതിന് വികേന്ദ്രീകൃത മൃഗചികിത്സാ യൂണിറ്റുകൾ മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയനുമായി അനുബന്ധിച്ച് പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ